# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.902 08.01.2014-ൽ മറുപടിക്ക്

## എറണാകുളത്ത് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

**ചോദ്യം**
ശ്രീ.ജോസ് തെറ്റയിൽ

**മറുപടി**
ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന മൊട്ടാകെയുള്ള ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പുകൾമാറ്റി സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എ) ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പ്രൊപ്പോസലുകളിന്മേൽ അനുമതി നൽകി ടെണ്ടർ നടപടികൾ തീർത്ത് ജോലികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പഴകിയ പൈപ്പുകൾ മാറ്റിയിടുന്നതിലേക്കായി 2011 മുതൽ സംസ്ഥാന ബജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 5000 | 7131.95 |
| 2012-13 | 8500 | 8600.57 |
| 2013-14 | 9000 | 4756.8938 (30.11.2013 വരെ) |

(ബി) എറണാകുളം ജില്ലയിൽ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നിയോജ കമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| നിയോജക മണ്ഡലത്തിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|
| കൊച്ചി | 296.02 |
| ആലുവ | 102.95 |
| കളമശ്ശേരി | 375.00 |
| കുന്നത്തുനാട് | 1660.15 |
| തൃപ്പൂണിത്തുറ | 335.00 |
| വൈപ്പിൻ | 12.00 |
| തൃക്കാക്കര | 1250.00 |
| എറണാകുളം | 575.00 |

(സി) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ട്. അങ്കമാലി നിയോജക മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന മേഖലകളിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | തുക (ലക്ഷത്തിൽ) |
|---|---|
| അങ്കമാലി മുനിസിപ്പാലിറ്റി | 162.00 |
| അയ്യമ്പുഴ, മഞ്ഞപ്ര, കറുകുറ്റി എന്നീ പഞ്ചായത്തുകൾ | 275.00 |
| കാലടി, തുറവൂർ, നീലേശ്വരം എന്നീ പഞ്ചായത്തുകൾ | 183.00 |
| കറുകുറ്റി, മൂക്കന്നൂർ കുടിവെള്ള പദ്ധതിയിലെ പഴകിയ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 356.00 |

സെക്ഷൻ ഓഫീസർ